# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1525 03.05.2017 ൽ മറുപടിയ്ക്ക്

## പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ ജിഷ്ണു പ്രണോയിയുടെ അമ്മയുടെ സത്യാഗ്രഹം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ ജിഷ്ണു പ്രണോയിയുടെ അമ്മ സത്യാഗ്രഹം നടത്താൻ എത്തുമ്പോൾ അവരോടൊപ്പം മൊത്തം എത്രപേർ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) ജിഷ്ണു പ്രണോയിയുടെ മരണവുമായി ബന്ധപ്പെട്ട് പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ നടന്ന സമരത്തിൽ 21 പേർ ഉണ്ടായിരുന്നു. |
| (ബി) അതിൽ അവരുടെ കുടുംബാഗംങ്ങൾ ഒഴികെ എത്ര പേരുണ്ടായിരുന്നുവെന്നും അവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ; | (ബി) മരണപ്പെട്ട ജിഷ്ണു പ്രണോയിയുടെ കുടുബാംഗങ്ങൾ ഉൾപ്പെട്ട 14 പേരും (അച്ഛനും അമ്മയും ഉൾപ്പെടെ), കുടുംബാംഗങ്ങളല്ലാത്ത-വരെന്ന് വെളിവായിട്ടുള്ള 7 പേരുമാണ് സമരത്തിൽ ഉണ്ടായിരുന്നത്.<br><br>**കുടുംബാംഗങ്ങൾ അല്ലാത്തവരുടെ പേരു വിവരം**<br>1. കെ.എം.ഷാജഹാൻ, S/o കെ.ബി.മുഹമ്മദാലി<br>2. ഷാജിർഖാൻ, S/o ഇ.എം.ഹനീഫ<br>3. മിനി, D/o സാവിത്രി<br>4. ശ്രീകുമാർ, S/o സുധാകരൻ<br>5. ഹിമവൽ മഹേശ്വര ഭദ്രാനന്ദ S/o ഹേമചന്ദ്രൻ<br>6. അരുൺ.കെ.സി., വിദ്യാർത്ഥി, പാമ്പാടി കോളേജ്.<br>7. ബിമൽ രാജ്, പൂർവ്വ വിദ്യാർത്ഥി, പാമ്പാടി കോളേജ്. |
| (സി) തോക്കുസ്വാമി എന്ന് അറിയപ്പെടുന്നയാൾ ഡിജി.പി.യെ കാണാൻ നേരത്തെ അനുമതി ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ക്കുടിക്കാഴ്ച അനുവദിച്ചിരുന്നോ; | (സി) തോക്കുസ്വാമി എന്നറിയപ്പെടുന്ന ആൾക്ക് സംസ്ഥാന പോലീസ് മേധാവിയെ കാണാൻ മുൻകൂർ അനുമതി നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഡി.ജി.പി. യെ സ്വന്തം കാര്യത്തിന് കാണാൻ വന്ന് ചായകുടിച്ചു നിൽക്കുമ്പോഴാണ് കസ്റ്റഡിയിലെടുത്തതെന്ന തോക്കു സ്വാമിയെന്ന അപര നാമധാരിയുടെ ആരോപണം വസ്തുതകൾക്ക് നിരക്കുന്നതാണോ; | (ഡി) | ശ്രീ.ഹിമവൽ മഹേശ്വര ഭദ്രാനന്ദ ഉൾപ്പെടെയുള്ളവരെ സമര സ്ഥലത്തു നിന്നു തന്നെയാണ് പോലീസ് അറസ്റ്റ് ചെയ്യുന്നത്. ഇത് സംബന്ധിച്ച് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 552/17 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. |
| (ഇ) | ഇരുപതിൽ താഴെയുള്ളവരെ ഒരു ബലപ്രയോഗവുമില്ലാതെ തന്നെ തന്ത്രപൂർവ്വം കൈകാര്യം ചെയ്യാനാവാത്ത പോലീസ് അക്രമാസക്തമായ ജനക്കൂട്ടത്തെ എങ്ങനെ സമാധാന മാർഗ്ഗങ്ങളുപയോഗിച്ച് നേരിടാൻ പ്രാപ്തമാവും എന്ന ആക്ഷേപം ഗൗരവപൂർവ്വം പരിശോധിക്കുമോ? | (ഇ) | ഡി.ജി.പി. ഓഫീസിനു മുന്നിൽ സമരം ചെയ്ത സമരക്കാരോട് മാർഗ്ഗതടസ്സമുണ്ടാക്കാതെ റോഡ് സൈഡിൽ സമാധാനപരമായി സമരം നടത്തണമെന്ന പോലീസിന്റെ നിയമപരമായ നിർദ്ദേശത്തെ അവഗണിച്ച് മാർഗ്ഗതടസ്സമുണ്ടാക്കി റോഡിൽ സമരം നടത്തിയവരെയാണ് മതിയായ ബലപ്രയോഗത്തിലൂടെ പോലീസിന്റെ നിയമാനുസൃതമായ അധികാരം ഉപയോഗിച്ച് പ്രസ്തുത സ്ഥലത്തുനിന്നും നീക്കം ചെയ്തത്.<br>അക്രമാസക്തമായ ജനക്കൂട്ടത്തെ മുന്നറിയിപ്പുകൾ നൽകി അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതെ സമാധാനപരമായി നേരിടുന്നതിനും അതിനു വഴങ്ങാത്ത സാഹചര്യത്തിൽ മതിയായ മറ്റ് മാർഗ്ഗങ്ങളുപയോഗിച്ച് സന്ദർഭോചിതമായി നടപടികൾ സ്വീകരിക്കുവാൻ പോലീസ് പ്രാപ്തമാണ്. |

സെക്ഷൻ ഓഫീസർ.